LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം : സർ, വി.എസ്.എസ്. ന്റെ ഭാരവാഹികൾ വനം കൊള്ള പോലുള്ള കുറ്റകൃത്യങ്ങളിലെ പ്രതികളാവാൻ പാടില്ല. അങ്ങനെയുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ *604

**റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിന് നടപടി**

4 (*604) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിലെ മുഴുവൻ കുഴികളും അടിയന്തിരമായി അടയ്ക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ?

(ബി) ഇത്തരത്തിൽ എല്ലാ കുഴികളും അടയ്ക്കുന്നതിനുള്ള സമയപരിധി എന്നാണ് അവസാനിച്ചത് ;

(സി) പ്രസ്തുത സമയപരിധിക്കുള്ളിൽ പൊതുമരാമത്ത് റോഡുകളിലെ എല്ലാ കുഴികളും അടയ്ക്കാൻ കഴിഞ്ഞുവെന്ന് കരുതുന്നുണ്ടോ ;

(ഡി) പ്രസ്തുത കുഴിയടക്കൽ പരിപാടി അവലോകനം നടത്തുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിരിക്കുന്നത് ;

(ഇ) സമയപരിധി കഴിഞ്ഞിട്ടും ഇനിയും നികത്താനാകാത്ത എത്ര കുഴികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇത്തരത്തിൽ കുഴിയടയ്ക്കൽ പരിപാടി നടത്തിയതിൽ വ്യാപകമായി അഴിമതി നടന്നത് സംബന്ധിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ ;

(ജി) അടച്ച കുഴികൾ വീണ്ടും ഇളകി കുഴികളായത് സംബന്ധിച്ച സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ,

(എ & ബി) പ്രഖ്യാപിച്ചിരുന്നു.

(സി) 23-7-2010 -ലെ കണക്കുകൾ പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ 94.9 ശതമാനവും ദേശീയപാതാ വിഭാഗത്തിൻകീഴിലെ നിരത്തുകളിൽ 66 ശതമാനവും കുഴികൾ അടച്ചുകഴിഞ്ഞു. മഴ തുടരുന്നത് കൊണ്ട് മുഴുവൻ കുഴികളും അടയ്ക്കാൻ സാധിച്ചിട്ടില്ല. പ്രവർത്തികൾ തുടരുന്നുണ്ട്.

(ഡി) ദിവസേനയുള്ള കണക്കെടുത്ത് അത് പൊതുമരാമത്ത് വകുപ്പിന്റെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കുഴിയടയ്ക്കലിന്റേയും നടന്നുവരുന്ന മറ്റ് മരാമത്ത് പണികളുടെയും പ്രവർത്തന

പുരോഗതി വിലയിരുന്നുന്നതിന് എം.എൽ.എ. മാരുടെയും ഉദ്യോഗസ്ഥ രുടെയും സംയുക്ത യോഗം ജില്ലാ തലത്തിൽ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്നുവരുന്നു. അഞ്ച് ജില്ലയിലേതൊഴികെയുള്ള അവലോകനം പൂർത്തിയായി.

(ഇ) 23-7-2010-ലെ കണക്കുപ്രകാരം ദേശീയപാതയിലെ 6783 കുഴികളും സംസ്ഥാന റോഡുകളിലെ 5172 കുഴികളും അടയ്ക്കുവാനുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(എഫ് & ജി) കുഴിയടയ്ക്കൽ നടത്തിയതിൽ അഴിമതി നടന്നതായി പരാതിക്കളൊന്നും ലഭിച്ചിട്ടില്ല. ആവശ്യമായ പരിശോധന നടത്താൻ ധനവകുപ്പിലെ ഇൻസ്പെക്ഷൻ വിംഗിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അടച്ച കുഴികൾ മഴയെത്തുടർന്ന് വീണ്ടും ചിലയിടങ്ങളിൽ ഇളകിയിട്ടുണ്ട്. യാത്രക്കാർക്കും മറ്റും അപകടം വരുത്തിവയ്ക്കുന്ന ഇത്തരം കുഴികൾ നികത്തണമെന്ന് നിർദ്ദേശ നൽകിയിട്ടുണ്ട്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, നേരത്തേ പി.ഡബ്ല്യു.ഡി. പണി ചെയ്തുകൊണ്ടിരുന്ന റോഡുകൾ തിരിച്ച് പഞ്ചായത്തിലേക്ക് കൊടുക്കുകയും പഞ്ചായത്തിൽ നിന്ന് ഈ ഗവൺമെന്റ് വന്നതിനുശേഷം തന്നെ വീണ്ടും അത് പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുകയും ചെയ്തു. അത് പല തടസ്സങ്ങൾ മൂലം പണിയൊന്നും ചെയ്യാതെ, ഇപ്പോൾ ഉടമസ്ഥനില്ലാതിരിക്കുന്ന ഒരു സ്ഥിതിയുണ്ട്. എന്തുതന്നെയായിരുന്നാലും എം.ഡി.ആർ. റോഡുകളുടെ അറ്റ കുറ്റപ്പണികൾ അടിയന്തരമായി ചെയ്യുമെന്ന് അങ്ങ് നിയമസഭയിൽ പ്രസ്താവിച്ചു. അതിന്റെ യാതൊരുവിധമായ നടപടികളുമായിട്ടില്ല. ഉദാഹര ണത്തിന് പത്തനംതിട്ടയിൽ മൗൺണ്ട് സിയോൺ കോളേജിലേയ്ക്ക് പോകുന്ന റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്തുവെങ്കിലും പിന്നീട് അത് തിരിച്ചുകൊടുത്തു. അവിടത്തെ റോഡിൽ കുഴിയെന്ന് പറയാൻ പറ്റില്ല, കുഴികൾ മാത്രമേയുള്ളൂ. അങ്ങ് പ്രഖ്യാപിച്ചതനുസരിച്ച് ഇതുപോലെയുള്ള റോഡുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ ?

<u>ഡോ. തോമസ് ഐസക്</u>: സർ, ഇത്തരം റോഡുകളുടെ ലിസ്റ്റ്, അവയുടെ സ്ഥിതി എന്നിവയുടെ കണക്കെടുത്തുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഇതിൽ പല റോഡുകളും അങ്ങ് പറഞ്ഞതുപോലെ ഉടമസ്ഥതയുടെ തർക്കംമൂലം ദീർഘനാളുകളായി പണി നടക്കാത്തതുകൊണ്ട് തകർന്നുകിടക്കു കയാണ്. അതുകൊണ്ട് ചെറിയ അറ്റകുറ്റപ്പണികൾ പോരാ, പുനരുദ്ധരിക്കേണ്ടിവരും. അതിനുവേണ്ടി പ്രത്യേകം ഒരു അനുവാദം അടുത്ത ആഴ്ച നൽകാൻ പറ്റുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിന്റെ ലിസ്റ്റ് തയ്യാറായി കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, നാഷണൽ ഹൈവേയിലെ കുഴികൾ അങ്ങയുടെ മണ്ഡലമായ ആലപ്പുഴയിലൂടെ പോകുന്ന യാത്രക്കാർക്ക് വലിയ ദുരിതമാണ്. അങ്ങും അത് അനുഭവിക്കുന്ന ഒരാളാണ്. ഇതിന് എന്താണൊരു പരിഹാര മാർഗ്ഗം ? അവിടെ ഒരുതരത്തിലും യാത്രചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

നിവർത്തിയില്ല. എൻ.എച്ച് 47-ലെ കുഴികൾ അടയ്ക്കുന്നതിന് അങ്ങയുടെ മണ്ഡലത്തിൽ പോലും നടപടിയെടുക്കാത്തതെന്താണ് ; അതിനൊരു പരിഹാരമുണ്ടാക്കാൻ കഴിയുമോ ?

ഡോ. തോമസ് ഐസക് : സർ, റോഡുകളിൽ വലിയ പോട്ട്ഹോൾസ് ഉണ്ടെങ്കിൽ ചില നടപടികൾ സ്വീകരിക്കാൻ പറ്റും. ദേശീയ പാതയിൽ ഉണ്ടായിരിക്കുന്നത് പാളിപാളിയായി പൊളിഞ്ഞുപോയിരിക്കുകയാണ്. മഴ നിൽക്കാതെ അതിന് പരിഹാരം കണ്ടെത്താൻ കഴിയില്ല. പാളിപൊളിഞ്ഞാൽ റീലേജ് ചെയ്യാൻ മഴക്കാലത്ത് നമുക്ക് കഴിയില്ല എന്നുള്ള പരിമിതിയുണ്ട്. എങ്കിലും വലിയ കുഴികൾ ഉള്ളത് ഞാൻ തന്നെ യാത്രചെയ്യുമ്പോൾ ഇൻസ്പെക്ഷൻ നടത്താറുണ്ട്. കണ്ടുകഴിഞ്ഞാൽ അപ്പോൾ തന്നെ വിളിച്ചു പറയാറുണ്ട്. ഇതിൽ വലിയ പുരോഗതിയുണ്ടായിട്ടുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, റോഡുകളിലെ കുഴി അടയ്ക്കുന്നതു സംബന്ധിച്ച് ആദ്യം 5-ാം തീയതി പറഞ്ഞു, പിന്നീട് 15-ാം തീയതി പറഞ്ഞു. അങ്ങനെ ഒരുപാട് തീയതി പറഞ്ഞു. ഈ പറഞ്ഞ തീയതികളിലൊന്നും പൂർണ്ണമായും കുഴി അടയ്ക്കപ്പെട്ടിട്ടില്ല. കാലവർഷക്കാലത്തിനിടയിൽ അടച്ച കുഴികൾ വീണ്ടും തുറക്കപ്പെട്ടിരിക്കുകയാണ്. നാഷണൽ ഹൈവേ 17-ൽ ചേറ്റുവ മുതൽ കയ്പ്പങ്കുളം വരെയുള്ള പ്രദേശത്ത് ബി.എം. ചെയ്ത തെല്ലാം പോയി. ഇതുവരെ ആ കുഴികൾ അടച്ചിട്ടില്ല. ഇത്തരത്തിൽ പ്രഖ്യാപിച്ച തീയതികൾക്കുശേഷവും അടയ്ക്കപ്പെടാത്ത കുഴികളെ സംബന്ധിച്ചും ബി.എം. ചെയ്ത റോഡുകൾ തകരാറായതുസംബന്ധിച്ചും അങ്ങ് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഡോ. തോമസ് ഐസക് : മാറ്റി മാറ്റി തീയതി പറയുന്നതല്ല. ഇപ്പോൾ 15-ാം തീയതി ചെയ്യുമെന്ന് പറഞ്ഞത് കുഴി അടച്ചു തീർക്കുമെന്നല്ല. 15-ാം തീയതിക്കുള്ളിൽ പാച്ച് വർക്ക് മുഴുവൻ ചെയ്യും. അതിനുള്ള ടെണ്ടർ ഉറപ്പിച്ച് നടപടികൾ ആരംഭിക്കുകയാണ്. അപ്പോൾ കുഴികൾ അടച്ചത് ചിലപ്പോൾ തുറന്നുപോകും. കാരണം അറ്റകുറ്റപ്പണികൾ എന്നുപറയുന്നത് പാച്ച് വർക്ക് നടത്തുന്നതുവരെയുള്ള താല്ക്കാലികമായിട്ടുള്ള നടപടികളാണ്. അപ്പോൾ ചില സ്ഥലത്ത് ഭാരവണ്ടി വരുമ്പോൾ ചെയ്തപണി തന്നെ തകർന്നുപോയിട്ടുണ്ടാവാം. അത് വീണ്ടും ചെയ്യുക എന്നുള്ളതല്ലാതെ വേറെ പോംവഴി ഇല്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, കുഴിയടയ്ക്കൽ കുറേ നടക്കുന്നുണ്ട്. മഴകഴിഞ്ഞാൽ അത് മുഴുവൻ പൂർത്തിയാകുമോ ? അതോടൊപ്പം തന്നെയുള്ള കൊച്ചിനഗരത്തിലുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം വാട്ടർ അതോറിറ്റിയും ഇലക്ട്രിസിറ്റി ബോർഡും പൈപ്പു കേബിളും ഇടുകയാണ്. പൈപ്പിടുന്നു കേബിളിടുന്നു. അവർ ഒരിക്കലും ഇത് മര്യാദയ്ക്ക് റെസ്റ്റോർ ചെയ്യുന്നില്ല. അതുകൊണ്ട് കുഴിയടയ്ക്കലിനോടൊപ്പം തന്നെ രണ്ട് ഏജൻസികളും നടത്തുന്ന മറ്റ് പ്രവർത്തനങ്ങളിൽ അടിയന്തരമായി റെസ്റ്റോർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : സർ, രണ്ട് കാര്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്. ഒന്ന്, ഇനിമേൽ റോഡിന്റെ റെസ്റ്റോറേഷൻ മറ്റു വകുപ്പുകൾ ചെയ്യുന്നതല്ല, പി.ഡബ്ല്യു.ഡി. തന്നെ ചെയ്യുന്നതാണ്. അല്ലാതെയുള്ള എം.ഒ.യു. വർക്കുകൾ ഇനി ഉണ്ടാവുകയില്ല. രണ്ടാമത്തേത്, വർഷാദ്യം വിവിധ വകുപ്പുകൾ ചേർന്ന് എന്തൊക്കെ പണികളാണ് അടുത്ത വർഷം ചെയ്യാൻ പോകുന്നതെന്ന് നോക്കി ഇതെല്ലാം കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ടുള്ള ഒരു തീരുമാനമെടുക്കും. ആ തീരുമാനപ്രകാരമേ ഇനി റോഡ് കുഴിക്കാൻ അനുവദിക്കുകയുള്ളൂ.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ

5 (*605) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഐ.ടി. പാർക്കുകളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ രൂപം നൽകിയ സംരക്ഷണ കമ്പനിയായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ നിലവിൽ വന്നുവോ ;

(ബി) ഇതിന്റെ പ്രവർത്തന മൂലധനമായി എത്ര കോടി രൂപയാണ് സ്വരൂപിക്കുന്നത് ;

(സി) സർക്കാരിന്റെ വിഹിതമായി എത്ര കോടി രൂപ ഇതുവരെ പ്രസ്തുത കമ്പനിക്കായി മുതൽമുടക്കി എന്ന് അറിയിക്കുമോ ;

(ഡി) 49% ഓഹരികൾക്കായുള്ള ധനസമാഹരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ഇ) പ്രസ്തുത കമ്പനിയിൽ ഓഹരി പങ്കാളിത്തം നേടുന്നതിന് ഏതൊക്കെ സ്വകാര്യ സംരംഭകർ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട് ;

(എഫ്) പൊതുജനങ്ങൾക്കായി എത്ര ശതമാനം ഓഹരികളാണ് മാറ്റി വച്ചിട്ടുള്ളത് ;

(ജി) ഇതിന്റെ ധനസമാഹരണത്തിനായി പബ്ലിക് ഇഷ്യൂവിലൂടെ ഓഹരി വിതരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) സംസ്ഥാനത്തെ ഐ.ടി. വികസനത്തിനായി നിലവിലുള്ള സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പുതിയ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly